സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 62 ലക്കം: 182 2026 ഒക്ടോബർ 11 ഞായർ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

### ഹൂതി ആക്രമണം; കൊച്ചിയിൽ നിന്ന് സൗദിയിലേക്കുള്ള വിവിധ വിമാന സർവിസുകൾ റദ്ദാക്കി

കൊച്ചി: റിയാദിലെ ഹൂതി ആക്രമണത്തെത്തുടർന്ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് സൗദിയിലേക്കുള്ള വിവിധ വിമാന സർവിസുകൾ റദ്ദാക്കി. ഒക്ടോബർ 11 മുതൽ 13 വരെ സർവിസുകളാണ് റദ്ദാക്കിയത്. കൊച്ചിയിൽ നിന്ന് ദോഹ, റാസൽഖൈമ എന്നിവിടങ്ങളിലേക്കുള്ള ചില സർവിസുകളും റദ്ദാക്കിയിട്ടുണ്ട്. മേഖലയിൽ നിലനിൽക്കുന്ന സംഘർഷസാഹചര്യം വിമാന സർവിസുകളെ ഈ ദിവസങ്ങളിൽ രൂക്ഷമായി ബാധിച്ചിട്ടുണ്ട്. മൂന്ന് ദിവസത്തിനിടെ ആകെ 10 വിമാന സർവിസുകളാണ് റദ്ദാക്കിത്. ഇതിൽ അഞ്ചെണ്ണം ആകാശ എയറിന്റേതാണ്.അതേ സമയം വിമാനത്താവളത്തിലേക്ക് പുറപ്പെടുന്നതിന് മുമ്പ് യാത്രക്കാർ വിമാനക്കമ്പനികളുമായി നേരിട്ട് ബന്ധപ്പെടുകയും സർവിസിന്റെ നിലവിലെ സ്ഥിതി ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സിയാൽ കോർപറേറ്റ് കമ്യൂണിക്കേഷൻസ് അറിയിച്ചു.

# ബാരിക്കേഡുകൾ നീക്കൂ, ഇന്റർനെറ്റ് പുനഃസ്ഥാപിക്കണം; കേന്ദ്രത്തിനും ഡൽഹി പോലീസിനും സുപ്രീംകോടതിയുടെ നിർദേശം

ന്യൂഡൽഹി: ഡൽഹിയിലെ പ്രതിഷേധക്കാർക്കെതിരായ പോലീസ് നടപടികൾ ചോദ്യംചെയ്യുന്ന ഹർജികളിൽ എല്ലാ കക്ഷികളുടെയും വാദം കേൾക്കുമെന്ന് സുപ്രീംകോടതി. ആർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ലെന്ന് ഉറപ്പാക്കും. നടന്ന സംഭവങ്ങളെ നിസ്സാരവത്കരിക്കാനല്ല കോടതി ഇവിടെയുള്ളതെന്നും കോടതി പറഞ്ഞു. അവധി ദിനമായ ഇന്ന്, സുപ്രീംകോടതി സ്പെഷ്യൽ സിറ്റിങ് ചേർന്നുകൊണ്ടാണ് വാദങ്ങൾ ഒന്നൊന്നായി കേൾക്കുന്നത്. ഇതിനിടെ മെട്രോ സ്റ്റേഷനുകൾ അടച്ചിട്ടതിനെതിരെയുള്ള ഹർജികൾ പരിഗണിക്കവേ, തികച്ചും ആവശ്യമില്ലെങ്കിൽ എല്ലാ ബാരിക്കേഡുകളും നീക്കംചെയ്യണമെന്ന് കോടതി അറിയിച്ചു. സമാധാനപരമായ സാഹചര്യങ്ങൾക്ക് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുതന്നെ, ജനങ്ങളുടെ സ്വതന്ത്രമായ സഞ്ചാരം സാധാരണ നിലയിലാക്കണം. ഇന്റർനെറ്റ് സേവനം പുനഃസ്ഥാപിക്കണമെന്നും കോടതി അറിയിച്ചു.

ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി, ജസ്റ്റിസ് വി. മോഹന എന്നിവരടങ്ങിയ ബെഞ്ചാണ് ഡൽഹി പോലീസും അർധസൈനിക വിഭാഗങ്ങളും പ്രതിഷേധക്കാരെ കസ്റ്റഡിയിലെടുത്തതിനെതിരെയും മുൻ ഉത്തരവുകൾ മനഃപൂർവം ലംഘിച്ചെന്നാരോപിച്ചുള്ള കോടതിയലക്ഷ്യ ഹർജിയിലുമാണ് വാദംകേൾക്കുന്നത്. കേസിൽ ഹർജികൾ സമർപ്പിച്ചിട്ടുള്ള എല്ലാ അഭിഭാഷകർക്കും തങ്ങളുടെ വാദങ്ങൾ ഉന്നയിക്കാൻ അവസരം നൽകുമെന്ന് കോടതി അറിയിച്ചു.

ബാറിലെ വലതുഭാഗത്തുനിന്ന് തുടങ്ങി ഇടതുഭാഗത്തേക്ക് എല്ലാവരുടെയും വാദങ്ങൾ ക്രമമായി കേൾക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കോടതി പറഞ്ഞു. ഈ വിഷയത്തിൽ പ്രത്യേക സിറ്റിങ് നടത്തിയതിന് അഭിഭാഷകർ നന്ദി അറിയിച്ചു. എന്നാൽ നന്ദി പറയേണ്ട ആവശ്യമില്ലെന്നും രാജ്യത്തെ സേവിക്കാൻ എപ്പോഴും സന്നദ്ധരാണെന്നും ജസ്റ്റിസ് ബാഗ്ചി മറുപടി നൽകി.

തുടർന്ന് തടങ്കലിൽ വെച്ചതിനെതിരെയും സെക്ഷൻ 163 ചുമത്തിയതിനെതിരെയും മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ വാദങ്ങളുന്നയിച്ചുതുടങ്ങി. ആളുകളെ തീവണ്ടികളിൽനിന്നും വിമാനത്തിൽനി



ന്നുമടക്കം പോലീസ് കസ്റ്റഡിയിലെടുത്തതും, ഇന്റർനെറ്റ് സേവനങ്ങൾ റദ്ദാക്കിയ വിഷയം മുൻപ് അനുരാധ ഭാസിൻ കേസിൽ വിധി പ്രസ്താവിച്ച വിഷയത്തിൽ ഉൾപ്പെടുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

നാല് മുൻ മുഖ്യമന്ത്രിമാരെ അന്യായമായി തടങ്കലിൽവെച്ചത്, കേരള മുൻ മുഖ്യമന്ത്രി പിണറായി വിജയനെ രാവിലെ പത്തരയോടെ കസ്റ്റഡിയിലെടുത്ത് എട്ടുമണിക്കൂറോളം ഭക്ഷണസൗകര്യംപോലും നൽകാതെ ഡൽഹി നഗരത്തിലൂടെ പോലീസ് വാഹനത്തിൽ ചുറ്റിച്ചത്, മമത ബാനർജിയെ അറസ്റ്റുചെയ്തത്, ത്രിപുര മുൻ മുഖ്യമന്ത്രി മണിക് സർക്കാരിനെ ഉൾപ്പെടെ കഠിനമായ ചൂടിൽ സ്റ്റേഡിയത്തിൽ തുറന്ന സ്ഥലത്ത് ഇരുത്തിയത് തുടങ്ങിയവയെല്ലാം കോടതിയിൽ ഉന്നയിച്ചു.

പ്രതിഷേധത്തിനിടെ ഉയർന്ന സംഘർഷങ്ങൾ, കുട്ടികളോടും വിദ്യാർഥികളോടും ഉൾപ്പെടെ പോലീസ് കാട്ടിയ ക്രൂരതകൾ ഉൾപ്പെടെയുള്ളവയുടെ ചിത്രങ്ങൾ അഭിഭാഷകർ കോടതിക്ക് കൈമാറി. മെട്രോ സ്റ്റേഷനുകൾ, ഇന്റർനെറ്റ് അടക്കമുള്ള അവശ്യ സേവനങ്ങൾ തടസ്സപ്പെടുത്തരുതെന്ന കോടതി ഉത്തരവ് മനഃപൂർവം ലംഘിച്ച ഭരണകൂട നടപടിക്കെതിരേ കോടതിയലക്ഷ്യ ഹർജിയിലും വാദംകേട്ടു. തിരഞ്ഞെടുപ്പ് കമ്മിഷന്റെ തീരുമാനങ്ങൾ നീതിപൂർവമല്ലെന്ന് തോന്നുമ്പോഴാണ് യുവാക്കൾ നിയമപരമായ പ്രതിഷേധങ്ങളിലേക്ക് ഇറങ്ങുന്നതെന്നും അഭിഭാഷകർ ചൂണ്ടിക്കാട്ടി.

സമാധാനപരമായ പ്രതിഷേധത്തിനും സ്വതന്ത്രമായി യാത്രചെയ്യാനുമുള്ള പൗരരുടെ അവകാശങ്ങളെ ഭരണകൂടം നിയമവിരുദ്ധമായ കരുതൽ തടങ്കലിലൂടെ ലംഘിക്കുകയാണെന്നും അഭിഭാഷകർ വാദിച്ചു. രാജ്യത്തെ പ്രമുഖ അഭിഭാഷകർ ഉൾപ്പെടെ 250-ലധികം അഭിഭാഷകരും മാധ്യമപ്രവർത്തകരും കോടതി നടപടികളിൽ പങ്കെടുത്തു. കേന്ദ്രസർക്കാരിനുവേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത, അഡീ. സോളിസിറ്റർ ജനറൽ എസ്.വി. രാജു എന്നിവരും കോടതിയിൽ ഹാജരായി.

### സിജെപി നേതാക്കളെ വെറുതെ വിട്ട് കോടതി;

## അഭിജീത്ത് ദിപ്കെയും സൗരവ് ദാസും അശുതോഷ് റങ്കയും പുറത്തേക്ക്

ന്യൂഡൽഹി: കഴിഞ്ഞദിവസം കസ്റ്റഡിയിലെടുത്ത സിജെപി നേതാക്കളായ അഭിജീത്ത് ദിപ്കെ, സൗരവ് ദാസ്, അശുതോഷ് റങ്ക എന്നിവരെ കോടതി വെറുതെ വിട്ടു. പ്രത്യേക എക്സിക്യുട്ടീവ് മജിസ്ട്രേറ്റാണ് ഇവരെ വെറുതെ വിട്ടത്. സിജെപി നിയമവിഭാഗം മേധാവി അഡ്വ. രത്ന സിങ് ആണ് ഇക്കാര്യം എക്സിലൂടെ അറിയിച്ചത്. ഡൽഹി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ വെച്ചാണ് സിജെപി നേതാക്കളെ എക്സിക്യുട്ടീവ് മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കിയത്.

അഭിജീത്ത്, അശുതോഷ്, സൗരവ് എന്നിവരെ ഡൽഹി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ വെച്ച് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കുമെന്നും അഡ്വ. രത്ന സിങ് തന്നെയാണ് നേരത്തേ എക്സിലൂടെ അറിയിച്ചത്. സിജെപിയുടെ നിയമവിഭാഗം മേധാവി എന്ന നിലയിൽ താൻ മറ്റ് അഭിഭാഷകർക്കൊപ്പം പോലീസ് സ്റ്റേഷനിൽ ഉണ്ടാകുമെന്നും രത്ന സിങ് പറഞ്ഞിരുന്നു. മുതിർന്ന അഭിഭാഷക വൃന്ദ ഗ്രോവറുടെ നേതൃത്വത്തിലുള്ള അഭിഭാഷക സംഘമാണ് സിജെപി നേതൃതാക്കൾക്കായി ഹാജരായത്.

ഇന്ന് രാവിലെയാണ് അഭിജീത്ത് ദിപ്കെയേയും സൗരവ് ദാസിനേയും അശുതോഷ് റങ്കയേയും പോലീസ് കസ്റ്റഡിയിലെടുത്തത്. മുംബൈയിൽ നിന്ന് ഡൽഹിയിലെത്തിയ ഇവരെ വിമാനത്തിൽ കയറി



യാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. ഇവർക്ക് പുറമെ യൂട്യൂബർ ധ്രുവ് റാഠിയെയും കഴിഞ്ഞദിവസം വീട്ടിൽ നിന്ന് പിടികൂടിയിരുന്നു. ജന്തർ മന്തറിൽ സിജെപി സംഘടിപ്പിച്ച പ്രതിഷേധത്തിന് മുമ്പാണ് ഇവരെയെല്ലാം കസ്റ്റഡിയിലെടുത്തത്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടുള്ള പ്രതിഷേധമായിരുന്നു ഇത്. സ്പെഷ്യൽ ഇന്റൻസീവ് റിവിഷനിലെ ക്രമക്കേടുകളെക്കുറിച്ചുള്ള ആരോപണങ്ങളാണ് പ്രതിഷേധത്തിന് കാരണം.

### കൊണാട്ട് പ്ലേസിൽ എസ്.എഫ്.ഐ, ഡി.വൈ.എഫ്.ഐ, എ.ഐ.എസ്.എഫ് സംയുക്ത പ്രതിഷേധം

ന്യൂഡൽഹി: ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് കൊണാട്ട് പ്ലേസിൽ എസ്.എഫ്.ഐ, ഡി.വൈ.എഫ്.ഐ, എ.ഐ.എസ്.എഫ് സംയുക്ത പ്രതിഷേധം. ഗ്യാനേഷ് രാജി വെക്കാതെ പ്രതിഷേധത്തിൽനിന്ന് പിന്നോട്ടില്ലെന്നാണ് പ്രതിഷേധക്കാരുടെ നിലപാട്. സൻസദ് മാർഗിലേക്ക് മാർച്ചിന് ശ്രമിച്ചവരെ പൊലീസ് തടഞ്ഞു. റോഡിൽ കുത്തിയിരുന്ന് സമരം ചെയ്തവരെ പൊലീസ് ബലമായി അറസ്റ്റ് ചെയ്യാൻ ശ്രമിച്ചു.ഇന്നലെ സി.ജെ.പി നേതൃത്വത്തിൽ പ്രതിഷേധത്തിനെത്തിയ മൂവായിരത്തോളം പേരെ പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു. സംഭവത്തിൽ സി.ജെ.പി നേതാക്കളായ അഭിജീത് ദീപ്കെ, അശുതോഷ് റാങ്ക, സൗരവ് ദാസ് തുടങ്ങിയവരെയും കേരളത്തിൽ നിന്നുള്ള മുൻ മുഖ്യമന്ത്രി പിണറായി വിജയൻ, വെസ്റ്റ് ബംഗാൾ മുൻ മുഖ്യമന്ത്രി മമതാ ബാനർജി തുടങ്ങിയവരെയും പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു. ഇവരെ പിന്നീട് വിട്ടയച്ചു.

### ധ്രുവ് റാഠിയെ വിട്ടയച്ചു; ജന്തർ മന്തറിലെത്താൻ ശ്രമിച്ചാൽ വീണ്ടും കസ്റ്റഡിയിലെടുക്കുമെന്ന് മുന്നറിയിപ്പ്

ന്യൂഡൽഹി: ഡൽഹിയിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരെയുള്ള പ്രതിഷേധങ്ങളുടെ മുന്നോടിയായി പൊലീസ് കസ്റ്റഡിയിലെടുത്ത് അജ്ഞാത കേന്ദ്രത്തിൽ പാർപ്പിച്ച യൂട്യൂബറും പൗരാവകാശ പ്രവർത്തകനുമായ ധ്രുവ് റാഠിയെ ഇന്ന് രാത്രി വൈകി വിട്ടയച്ചതായി ഉദ്യോഗസ്ഥൻ ഞായറാഴ്ച അറിയിച്ചു. കോക്രോച്ച് ജനതാ പാർട്ടിയുടെ (സി.ജെ.പി) ജന്തർ മന്തറിൽ പ്രഖ്യാപിച്ച സമരത്തിൽ പങ്കെടുക്കുമെന്ന് ധ്രുവ് റാഠി അറിയിച്ചിരുന്നു. സമരത്തെ അടിച്ചമർത്തുന്നതിന്റെ ഭാഗമായി ശനിയാഴ്ച ഗുരുഗ്രാമിലെ സെക്ടർ 56-ലുള്ള വസതിയിൽ നിന്നാണ് റാഠിയെ പൊലീസ് കസ്റ്റഡിയിലെടുത്തത്. വിലക്കുകൾ നിലനിൽക്കെ ജന്തർ മന്തറിലെത്താൻ ശ്രമിച്ചാൽ റാഠിക്കെതിരെ കൂടുതൽ നടപടിയുണ്ടാകാൻ സാധ്യതയുണ്ടെന്ന് പൊലീസ് വൃത്തങ്ങൾ അറിയിച്ചു. 'വിലക്കുകൾ നിലനിൽക്കെ ജന്തർ മന്തറിലേക്ക് പോകാൻ ശ്രമിച്ചാൽ അദ്ദേഹത്തെ വീണ്ടും കസ്റ്റഡിയിലെടുക്കുകയോ അല്ലെങ്കിൽ തുടർ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്തേക്കാം,' എന്ന് പൊലീസ് വൃത്തങ്ങൾ വ്യക്തമാക്കിയതായി മാധ്യമങ്ങൾ അറിയിച്ചു.

സമരത്തെ തടയാൻ റോഡ്, ട്രെയിൻ ഗതാഗതം വരെ തടസ്സപ്പെടുത്തിയ ഡൽഹി പൊലീസ് സമരത്തിൽ പങ്കെടുക്കുമെന്ന് സംശയിക്കുന്ന സകലരെയും പിടികൂടി കരുതൽ തടങ്കലിലാക്കുകയായിരുന്നു. സമരത്തിന് നേതൃത്വം നൽകാൻ



ഡൽഹിയിലെത്തിയ സി. ജെ. പി നേതാക്കളായ അഭിജിത് ദിപ്കെ, അശുതോഷ് റാങ്ക, സൗരവ് ദാസ് എന്നിവരെ പുറത്തിറങ്ങാൻ അനുവദിക്കാതെ നാടകീയ നീക്കത്തിലൂടെ വിമാനത്തിൽ നിന്ന് പൊലീസ് കസ്റ്റഡിയിലെടുത്ത് അജ്ഞാത കേന്ദ്രത്തിലേക്ക് മാറ്റുകയായിരുന്നു. ഇവരെ ഇന്ന് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കി.

### സുപ്രീം കോടതിയിൽ ഇനി പ്രതീക്ഷയില്ല; അവകാശ പോരാട്ടങ്ങളിൽ മടുപ്പ് തോന്നിത്തുടങ്ങിയെന്ന് കപിൽ സിബൽ

ന്യൂഡൽഹി: പൗരന്മാരുടെ മൗലികാവകാശ സംരക്ഷണത്തിനായി സുപ്രീം കോടതിയെ വീണ്ടും വീണ്ടും സമീപിച്ച് തനിക്ക് മടുത്തെന്നും, പരമോന്നത കോടതിയിൽ ഇനി വലിയ പ്രതീക്ഷയൊന്നുമില്ലെന്നും മുതിർന്ന അഭിഭാഷകനും രാജ്യസഭാംഗവുമായ കപിൽ സിബൽ വ്യക്തമാക്കി. നിലവിലെ സാഹചര്യത്തിൽ ഭരണഘടനയെ സംരക്ഷിക്കാൻ ശേഷിയുള്ള ഏക സ്ഥാപനം സുപ്രീം കോടതി മാത്രമാണെങ്കിലും, കോടതിയെ സമീപിച്ച് താൻ തളർന്നതായി അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനും എസ്ഐആർ പ്രക്രിയയ്ക്കുമെതിരെ ഡൽഹി ജന്തർ മന്തറിൽ നടന്ന പ്രതിഷേധങ്ങൾക്കും പ്രതിഷേധക്കാർക്കെതിരെ പോലീസ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്കും പിന്നാലെ നടത്തിയ വാർത്താസമ്മേളനത്തിലാണ് സിബലിന്റെ പ്രതികരണം.



വോട്ടർ പട്ടികയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് വോട്ടർമാരുടെ പേരുകൾ അന്യായമായി നീക്കം ചെയ്യുന്നതും ഉൾപ്പെടുത്തുന്നതും ചൂണ്ടിക്കാട്ടി മാസങ്ങളോളം സുപ്രീം കോടതിയിൽ വാദിച്ചെങ്കിലും യാതൊരു ആശ്വാസവും ലഭിച്ചില്ലെന്ന് സിബൽ ആരോപിച്ചു. പശ്ചിമ ബംഗാളിലെ അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ എത്തിയ അപ്പീലുകളിൽ 93 ശതമാനത്തിലും വോട്ടർമാരുടെ പേരുകൾ പുനഃസ്ഥാപിക്കപ്പെട്ടത് പേരുകൾ തെറ്റായി നീക്കം ചെയ്തതിന് തെളിവാണെന്നും, ഇത് കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടും ഇടപെടലുണ്ടായില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സമാധാനപരമായി പ്രതിഷേധിക്കാൻ എത്തിയ യുവാക്കളെയും അഭിഭാഷകരെയും ട്രെയിനുകളിലും വിമാനങ്ങളിൽ വച്ച് പോലും പോലീസ് നിയമവിരുദ്ധമായി കസ്റ്റഡിയിലെടുക്കുകയാണെന്ന് സിബൽ കുറ്റപ്പെടുത്തി. കർണാടക, പശ്ചിമ ബംഗാൾ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിഷേധക്കാരെ ബി.എൻ.എസ്.എസ്. 163-ാം വകുപ്പ് പ്രകാരം കസ്റ്റഡിയിലെടുത്ത് അറിയപ്പെടാത്ത കേന്ദ്രങ്ങളിലേക്ക് മാറ്റുകയായിരുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി.

ഡൽഹിയിലേക്ക് ആളുകൾ എത്താതിരിക്കാൻ മെട്രോ സ്റ്റേഷനുകൾ അടയ്ക്കുകയും ട്രെയിനുകൾ റദ്ദാക്കുകയും ചെയ്ത പോലീസ് നടപടിയെയും അദ്ദേഹം വിമർശിച്ചു.

ചീഫ് ജസ്റ്റിസിനോട് അസംതൃപ്തിയുണ്ടോ എന്ന ചോദ്യത്തിന്, അഭിഭാഷകർ എന്ന നിലയിൽ സംതൃപ്തിയോ അസംതൃപ്തിയോ ഉള്ള വിഷയമില്ലെന്നും, നീതികേട് നടക്കുമ്പോൾ ജനങ്ങൾക്കുവേണ്ടി കേസ് നടത്തുക എന്നതാണ് തങ്ങളുടെ ചുമതലയെന്നും സിബൽ മറുപടി നൽകി. എങ്കിലും വ്യക്തിപരമായ നിലപാടിൽ, സുപ്രീം കോടതിയിൽ നിന്ന് ഇനി വലിയ ആശ്വാസമൊന്നും പ്രതീക്ഷിക്കുന്നില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## 'എയർപോർട്ട് റോഡല്ലേ, വേഗത്തിൽ ഓടിച്ചാൽ എന്താ, എന്റെ വാപ്പ നോക്കിക്കോളും'

എറണാകുളം: നെടുമ്പാശ്ശേരി-അത്താണി എയർപോർട്ട് റോഡിൽ ഇന്നുപുലർച്ചെയുണ്ടായ വാഹനാപകടത്തിൽ സ്കൂട്ടർ യാത്രക്കാരായ മൂന്ന് പേർക്ക് ദാരുണാന്ത്യം. കർണാടക സുളിയ സ്വദേശി ഇയാസ്, പാലക്കാട് സ്വദേശിനി ഗോപിക, വയനാട് സ്വദേശിനി ദേവിക എന്നിവരാണ് മരിച്ചത്. തൃക്കാക്കരയിലെ ആന്റിക് ഷോപ്പിൽ ജോലി ചെയ്യുന്നവരും ഒപ്പം പഠിക്കുന്നവരുമാണ് ഇവർ.

എയർപോർട്ട് ഭാഗത്തെ ചായക്കടയിൽ ചായ കുടിച്ച ശേഷം മടങ്ങുകയായിരുന്ന മൂവരും സഞ്ചരിച്ച സ്കൂട്ടറിലേക്ക് അമിതവേഗത്തിലെത്തിയ മിനി കൂപ്പർ കാർ നിയന്ത്രണം വിട്ട് ഇടിച്ചുകയറുകയായിരുന്നു. അപകടത്തിന് കാരണക്കാരനായ തൃക്കാക്കര സ്വദേശി സുഹൈലിനെയും ഒപ്പമുണ്ടായിരുന്നയാളെയും നാട്ടുകാർ തടഞ്ഞുവെച്ച് പൊലീസിൽ ഏൽപ്പിച്ചു.

ഇവർ രാത്രി ഒന്നേമുക്കാലോടെ എയർപോർട്ട് റോഡിലെ കടയിൽ എത്തിയതായിരുന്നു. തിരിച്ച് വീട്ടിലേക്ക് മടങ്ങുന്നതിനിടെ പിന്നിൽ നിന്നും അമിതവേഗത്തിലെത്തിയ ആഡംബര കാർ സ്കൂട്ടറിലിടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ സ്കൂട്ടറും യാത്രക്കാരും റോഡിലേക്ക് തെറിച്ചുവീണു. ഇടിയുടെ വേഗതയിൽ കാറിന്റെ മുൻഭാഗവും ചില്ലുകളും പൂർണ്ണമായി തകർന്നു. കാറിന്റെ വൈപ്പറിൽ മരിച്ചയാളുടെ ഷാളും രക്തക്കറയും കുടുങ്ങിക്കിടന്നത് അപകടത്തിന്റെ ആഘാതം വ്യക്തമാക്കുന്നു.

സംഭവസ്ഥലത്ത് വെച്ച് തന്നെ മൂവരുടെയും മരണം സംഭവിച്ചിരുന്നു. അപകടശേഷം നാട്ടുകാരുമായി തർക്കത്തിൽ ഏർപ്പെട്ട പ്രതി സുഹൈൽ, 'എയർപോർട്ട് റോഡല്ലേ, വേഗത്തിൽ ഓടിച്ചാൽ എന്താ, എന്റെ അപ്പ നോക്കിക്കോളും' എന്ന തരത്തിൽ സംസാരിച്ചതായി ദൃക്സാക്ഷികൾ പറയുന്നു. പ്രതി ഇതിനുമുമ്പും 218 കിലോമീറ്റർ വേഗതയിൽ വാഹനം ഓടിച്ചതിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.



സംഭവസ്ഥലത്തെത്തിയ നെടുമ്പാശ്ശേരി പൊലീസ് പ്രതികളെ കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിലെത്തിച്ചു. പ്രതി മദ്യപിച്ചിരുന്നതായി പ്രാഥമിക ചോദ്യം ചെയ്യലിൽ സമ്മതിച്ചിട്ടുണ്ടെന്നും, രാസലഹരി ഉൾപ്പെടെ ഉപയോഗിച്ചിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കുന്നതിനായി വിശദമായ



വൈദ്യപരിശോധന നടത്തിവരികയാണെന്നും പൊലീസ് അറിയിച്ചു. സംഭവത്തിൽ കേസെടുത്തിട്ടുണ്ട്. എയർപോർട്ട് റോഡിൽ രാത്രികാലങ്ങളിൽ നമ്പർ പ്ലേറ്റില്ലാത്ത വാഹനങ്ങളും മോഡിഫൈഡ് വാഹനങ്ങളും വെച്ചുള്ള മത്സരയോട്ടം പതിവാണെന്നും, ഇതിനെതിരെ കർശന പരിശോധനകളോ നടപടികളോ ഉണ്ടാകുന്നില്ലെന്നും പ്രദേശവാസികളും ടാക്സി ഡ്രൈവർമാരും പരാതിപ്പെടുന്നു.

## സുപ്രീം കോടതി, ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം നടത്തുന്നത് മോദി നേരിട്ടെന്ന് ജസ്റ്റിസ് കെ. ചന്ദ്രു

ചെന്നൈ: സുപ്രീം കോടതിയിലെയും വിവിധ ഹൈക്കോടതികളിലെയും ജഡ്ജിമാരെ കൊളീജിയത്തിന് പകരം പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ടാണ് നിയമിക്കുന്നതെന്ന് മദ്രാസ് ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ. ചന്ദ്രു. ഏഷ്യൻ കോളേജ് ഓഫ് ജേണലിസം (ACJ) ചെന്നൈയിൽ സംഘടിപ്പിച്ച 'ഹു വിൽ ജഡ്ജ് ദ ജഡ്ജസ്' (Who will judge the Judges) എന്ന ചർച്ചാസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

2014-ൽ അധികാരത്തിൽ വന്നശേഷം മോദി സർക്കാർ ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷൻ (NJAC) കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും സുപ്രീം



കോടതി ആ നിയമനിർമ്മാണം റദ്ദാക്കുകയായിരുന്നു. അതിനുശേഷം സുപ്രീം കോടതി, ഹൈക്കോടതി ജഡ്ജിമാരുടെ നിയമനങ്ങൾ കൊളീജിയത്തിന് പകരമായി നേരിട്ട് മോദിയാണ് നടത്തുന്നതെന്ന് ജസ്റ്റിസ് ചന്ദ്രു പറഞ്ഞു. എൻ.ജെ.എ.സിയേക്കാൾ കൂടുതൽ നേട്ടമുണ്ടാക്കുന്ന മറ്റ് വഴികൾ കണ്ടെത്തിയതിനാലാണ് അത് പുനരുജ്ജീവിപ്പിക്കാൻ സർക്കാർ ശ്രമിക്കാത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭരണഘടന അംഗീകരിക്കാത്ത കൊളീജിയം സംവിധാനം വഴി സുതാര്യതയില്ലാതെയാണ് നിയമനങ്ങൾ നടക്കുന്നത്. ഇത് രാജ്യത്ത് നിലനിൽക്കുന്ന ഏറ്റവും വലിയ രഹസ്യമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. നിലവിൽ സുപ്രീം കോടതിയിൽ 38 ജഡ്ജിമാരും വിവിധ ഹൈക്കോടതികളിലായി ആയിരത്തോളം ജഡ്ജിമാരുമുണ്ട്. ഇന്ത്യയിലല്ലാതെ ലോകത്തൊരിടത്തും, പ്രത്യേകിച്ചും ജനാധിപത്യ രാജ്യങ്ങളിൽ, ജഡ്ജിമാർ തന്നെ ജഡ്ജിമാരെ നിയമിക്കുന്ന രീതി നിലവിലില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ചടങ്ങിൽ ഒഡിഷ ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് എസ്. മുരളീധർ, സുപ്രീം കോടതി മുതിർന്ന അഭിഭാഷകൻ രാജു രാമചന്ദ്രൻ, മുൻ ജഡ്ജി ജസ്റ്റിസ് കെ. കണ്ണൻ, മുതിർന്ന അഭിഭാഷക ആർ. വൈഗെ തുടങ്ങിയവരും സംസാരിച്ചു.

സുപ്രീം കോടതിയിലേക്ക് ഉയർത്താൻ അനുയോജ്യയായ ഒരു വനിതാ ജഡ്ജിയെപ്പോലും കണ്ടെത്താൻ സാധിച്ചില്ലെന്ന മുൻ സി.ജെ.ഐ ഡി.വൈ. ചന്ദ്രചൂഡിന്റെ കാലത്തെ സാഹചര്യം ചൂണ്ടിക്കാട്ടി കോടതികളിലെ വൈവിധ്യക്കുറവിനെക്കുറിച്ച് ജസ്റ്റിസ് മുരളീധർ വിമർശനം ഉന്നയിച്ചു.

### കോടതി പരസ്യം

### ബഹു. തൃശൂർ 4–ാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

EP No. 48/2026

Arb Case IDA: 252199

മേബൻ നിധി ലിമിറ്റഡ്, ബിൽഡിംഗ് നമ്പർ 4/709 B, First Floor, J.P. Tower, P.O. വലപ്പാട്, ചാവക്കാട് താലക്ക്, Rep. by ലീഗൽ ഓഫീസർ, ആതിര കെ ആർ

-വിധി ഉടമ

1. സലീം എ, S/o മുഹമ്മദ്, നന്തിയാനത്തയിൽ ഹൗസ്, പുന്നയൂർ വില്ലേജ് & ദേശം, ചാവക്കാട് താലൂക്ക്

-3-ാം വിധി കടക്കാരൻ

മേൽ നമ്പറിൽ 3-ാം വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ വിധി നടത്തു ഹരജി **30-10-2026** തിയ്യതിക്ക് വിചാരണയ്ക്ക് വെച്ചിട്ടുള്ളതും അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരാകേണ്ടതും അല്ലാത്തപക്ഷം 3-ാം വിധി കടക്കാരനെ കൂടാതെ ഹരജി തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 5-10-2026

വിധി ഉടമ ഭാഗം അഡ്വക്കേറ്റ്

**വി. വിജയകുമാർ** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



## പനി ബാധിച്ച് യുവാവ് മരിച്ചു



കുന്നംകുളം: ചെറുവത്താനി പോലിയത്ത് വാസു മകൻ സുജിത്ത് (കുഞ്ഞൻ 37 ) പനി ബാധിച്ച് ചികിത്സയിലിരിക്കെ മരിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ചായിരുന്നു മരണം. രണ്ടുദിവസം മുൻപാണ് പനി കലശലായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സംസ്കാരം ഇന്ന്. അവിവാഹിതനാണ്. മുൻപ് ചെറുവത്താനിയിൽ ബിഎംഎസ് യൂണിയനിൽ പ്രവർത്തിച്ചിരുന്നു.

### കപ്പിൽ മുത്തമിട്ട് തൃശ്ശൂർ ഈസ്റ്റ് ഉപജില്ല

# തൃശ്ശൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേള; 169 പോയിന്റ് നേടി തൃശ്ശൂർ ഈസ്റ്റ് ചാമ്പ്യന്മാരായി

കുന്നംകുളം: നാലു നാളുകൾ നീണ്ടുനിന്ന ആവേശകരമായ പോരാട്ടങ്ങൾക്കൊടുവിൽ തൃശൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേളയുടെ കിരീടം തൃശ്ശൂർ ഈസ്റ്റ് ഉപജില്ല സ്വന്തമാക്കി. 169 പോയിന്റ് നേടിയാണ് തൃശൂർ ഈസ്റ്റ് ഒന്നാം സ്ഥാനത്തെത്തിയത്. 16 സ്വർണം, 15 വെള്ളി, 11 വെങ്കലം ഉൾപ്പെടെ 42 മെഡലുകളാണ് തൃശ്ശൂർ ഈസ്റ്റ് താരങ്ങൾ സ്വന്തമാക്കിയത്.

154 പോയിന്റ് നേടി ചാലക്കുടി ഉപജില്ലയാണ് രണ്ടാം സ്ഥാനത്ത്. 11 സ്വർണം, 18 വെള്ളി, 16 വെങ്കലം ഉൾപ്പെടെ 45 മെഡലുകളാണ് ചാലക്കുടി ഉപജില്ല നേടിയത്. ആതിഥേയരായ കുന്നംകുളം ഉപജില്ല 13 സ്വർണവും 12 വെള്ളിയും 12 വെങ്കലവും അടക്കം 129 പോയിന്റുമായി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

തൃശൂർ വെസ്റ്റ് ഉപജില്ല 94 പോയിന്റ് (11 സ്വർണം, 9 വെള്ളി, 8 വെങ്കലം), വലപ്പാട് ഉപജില്ല 82 പോയിന്റ് (10 സ്വർണം, 7 വെള്ളി, 7 വെങ്കലം), ചാവക്കാട് ഉപജില്ല 72 പോയിന്റ് (5 സ്വർണം, 10 വെള്ളി, 15 വെങ്കലം), മാള ഉപജില്ല 63 പോയിന്റ് (6 സ്വർണം, 9 വെള്ളി, 6 വെങ്കലം), കൊടുങ്ങല്ലൂർ ഉപജില്ല 43 പോയിന്റ് (5 സ്വർണം, 3 വെള്ളി, 9 വെങ്കലം), വടക്കാഞ്ചേരി ഉപജില്ല 24 പോയിന്റ് (3 സ്വർണം, 2 വെള്ളി, 3 വെങ്കലം), ഇരിഞ്ഞാലക്കുട ഉപജില്ല 16 പോയിന്റ് (2 സ്വർണം, 1 വെള്ളി, 3 വെങ്കലം), ചേർപ്പ് ഉപജില്ല 16 പോയിന്റ് (0 സ്വർണം, 4 വെള്ളി, 3 വെങ്കലം), മുല്ലശ്ശേരി ഉപജില്ല 5 പോയിന്റ് (0 സ്വർണം, 1 വെള്ളി, 1 വെങ്കലം) എന്നിങ്ങനെയാണ് മറ്റ് ഉപജില്ലകളുടെ പോയിന്റ് നില.

## അമലയിൽ തൈറോയ്ഡ് സ്ക്രീനിംഗ് ക്യാമ്പ്

അമലനഗർ: അമലയിൽ തൈറോയ്ഡ് സ്ക്രീനിംഗ് ക്യാമ്പ് അമല മെഡിക്കൽ കോളേജിൽ ഒക്ടോബർ 13 മുതൽ 17 വരെ, തൈറോയ്ഡ് സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നു.

സൗജന്യ കൺസൾട്ടേഷൻ സൗജന്യ TFT പരിശോധന തൈറോയ്ഡ് രോഗലക്ഷണങ്ങളുള്ളവർക്ക് അമല ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ Tc99m Thyroid Scan സൗകര്യവും ലഭ്യമാണ്.

# പുല്ലൂർ നാടകരാവിന് കൊടിയേറി



പുല്ലൂർ ചമയം നാടകവേദിയുടെ 29-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 17 മുതൽ 23 വരെ നടത്തുന്ന നാടകരാവിന്റെ വിളംബര ജാഥ ഫ്ലാഗ് ഓൺ കൂടൽ മാണിക്യം ചെയർമാൻ അഡ്വ: സി.കെ. ഗോപി ഉദ്ഘാടനം ചെയ്തു. വാദ്യമേള അകമ്പടിയോടെ നടത്തിയ വിളംബര ജാഥയ്ക്ക് പി. കെ. അശോക് കുമാർ, സുകുമാരൻ തൃക്കാശ്ശേരി, ബിജു ചന്ദ്രൻ, സീതാ ഷണ്മുഖൻ, പങ്കജം ഗോപി, ലത രാജൻ, എൻ.എസ്. നാഗമ്പുരിക്കാവ്, കെ.സി. രാജൻ, എ.ഐ. രവീന്ദ്രൻ, അമിത ജിബിൻ, ശാന്ത തങ്കപ്പൻ, പ്രഭ ഇരിങ്ങാലക്കുട, ജയപ്രകാശ് എടക്കുളം, മനു രാജൻ എന്നിവർ നേതൃത്വം നൽകി. ആൽത്തറ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച വിളംബര ജാഥ ഇരിങ്ങാലക്കുട ടൗൺഹാളിൽ എത്തിച്ചേർന്നു. തുടർന്ന് ഇരിങ്ങാലക്കുട നഗരസഭ ചെയർമാൻ എം.പി. ജാക്സണും രക്ഷാധികാരി ശ്രീ. ബാലൻ അമ്പാടത്തും ചേർന്ന് കൊടിയേറ്റം നടത്തി. ചെയർമാൻ എ.എൻ. രാജൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പോലീസ് മെഡൽ ലഭിച്ച ഇ.എസ്. മണികൃഷ്ണൻ, അഡ്വ: സി.കെ. ഗോപി, ഉദിമാനം അയ്യപ്പൻകുട്ടി എന്നിവർ മുഖ്യാതിഥികളായി. ജനറൽകൺവീനർ സജു ചന്ദ്രൻ സ്വാഗതവും വേണു എളന്തോളി നന്ദിയും പറഞ്ഞു.

## ജില്ലാ കുംഭ് സഞ്ചാലൻ സമിതി രൂപീകരിച്ചു



തൃശൂർ: ഭാരതത്തിലെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന മാഘ-കുംഭമേളകളുടെ തൃശൂർ ജില്ലയിലെ ഏകോപനത്തിനായി ശ്രീ ജൂന അഖാഡയുടെ നേതൃത്വത്തിൽ കുംഭ് സഞ്ചാലൻ സമിതി രൂപീകരിച്ചു. തിരുനാവായ മഹാമാഘം 2027, നാസിക് സിംഹസ്ഥ കുംഭമേള 2027, ഉജ്ജൈൻ സിംഹസ്ഥ കുംഭമേള 2028, പ്രയാഗ്‌രാജ് മാഘമേള 2027, എന്നിവയുടെ പ്രവർത്തനങ്ങൾ കുംഭ് സഞ്ചാലൻ സമിതിയാകും ഏകോപിപ്പിക്കുക.

പാറമേക്കാവ് ക്ഷേത്രം അഗ്രശാലയിൽ ചേർന്ന രൂപീകരണ യോഗം തന്ത്രി ബ്രഹ്മശ്രീ തരണനെല്ലൂർ പത്മനാഭൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു. തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ. ഗിരീഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു.

ബ്രഹ്മശ്രീ നന്ദകുമാർ തന്ത്രി, രഘുനാഥ് വെള്ളാട്ട്, ജയരാജ് മിത്ര, കൃഷ്ണകുമാർ പുല്ലൂരാൻ, ബാബുരാജ് കേച്ചേരി എന്നിവർ സംസാരിച്ചു. ശ്രീ പഞ്ച് ദശനാം ജൂന അഖാഡ ദക്ഷിണാമ്നായം ട്രസ്റ്റിയും 2026 മഹാമാഘ മഹോത്സവ സംഘാടക സമിതി ചീഫ് കോ-ഓർഡിനേറ്ററുമായ കെ. കേശവദാസ് സംഘാടക സമിതി പ്രഖ്യാപനം നടത്തി. ഷാജി വരവൂർ സ്വാഗതവും പി.ജി. രവീന്ദ്രൻ നന്ദിയും പറഞ്ഞു.

ജില്ലയിലെ എല്ലാ ഗ്രാമത്തിലും മാഘ-കുംഭ് സന്ദേശം എത്തിക്കുന്നതിനും വിവിധ, ഹിന്ദു, ഭക്തജന, സാമുദായിക, സാംസ്കാരിക സംഘടനകളെയും ക്ഷേത്ര ഭാരവാഹികളെയും കുംഭ് സംഞ്ചാലൻ സമിതിയുടെ ഭാഗമാക്കുന്നതിനും യോഗം തീരുമാനിച്ചു. 2027 ജനുവരി 15 മുതൽ മാർച്ച് ആറ് വരെയാണ് ഇത്തവണത്തെ തിരുനാവായ മഹാമാഘ മഹോത്സവം.

## എഐഎസ്എഫ് - എഐവൈഎഫ് ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റികൾ നൈറ്റ് മാർച്ച് നടത്തി

ഇരിങ്ങാലക്കുട :മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജി വയ്ക്കണം എന്നാവശ്യപ്പെട്ട് ഡൽഹിയിൽ സമരം ചെയ്യുന്ന സഖാക്കൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എഐഎസ്എഫ് - എഐവൈഎഫ് ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റികൾ നൈറ്റ് മാർച്ച് സംഘടിപ്പിച്ചു.

സി.അച്ചുതമേനോൻ സ്മാരകത്തിൽ നിന്ന് ആരംഭിച്ച മാർച്ച് ആൽത്തറ ചുറ്റി ബസ് സ്റ്റാന്റിൽ സമാപിച്ചു. മാർച്ച് എഐവൈഎഫ് ജില്ലാ വൈസ് പ്രസിഡന്റ് ടി.വി വിബിൻ ഉദ്ഘാടനം ചെയ്തു.

എഐഎസ്എഫ് മണ്ഡലം സെക്രട്ടറി പി.വി വിഘ്നേഷ് അധ്യക്ഷത വഹിച്ച മാർച്ചിന് എഐവൈഎഫ് മണ്ഡലം സെക്രട്ടറി ശ്യാംകുമാർ പി.എസ് സ്വാഗതവും എഐഎസ്എഫ് മണ്ഡലം പ്രസിഡന്റ് ജിബിൻ ജോസ് നന്ദിയും പറഞ്ഞു.

എഐവൈഎഫ് മണ്ഡലം പ്രസിഡന്റ് വിഷ്ണു ശങ്കർ, ജില്ലാ കമ്മിറ്റി അംഗം ഗിൽഡ പ്രേമൻ, എഐഎസ്എഫ് ജില്ലാ കമ്മിറ്റി അംഗം ദിൽജിത്ത് എന്നിവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

## കാറും ബൈക്കും കൂട്ടിയിടിച്ച് അപകടം

കുന്നംകുളം: എരുമപ്പെട്ടി കരിയന്നൂർ സെൻററിന് സമീപം ഇന്ന് വൈകുന്നേരം 6 മണിയോടെ കാറും ബൈക്കും കൂട്ടിയിടിച്ചതിനെ തുടർന്ന് പരിക്കുപറ്റിയ ബൈക്ക് യാത്രക്കാരനായ കേച്ചേരി ചിറനല്ലൂർ സ്വദേശി വൈശ്യം വീട്ടിൽ റിയാസിനെ (24) എരുമപ്പെട്ടി ആക്ട്സ് പ്രവർത്തകർ കുന്നംകുളം മലങ്കര ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു.

# നോൺ ജേർണലിസ്റ്റ് പെൻഷൻ പതിനായിരം രൂപയാക്കണം

### -എൻ ജെ പി യു



തിരു: നോൺ ജേർണലിസ്റ്റ് പെൻഷനേഴ്സ് യൂണിയൻ ഏഴാം സംസ്ഥാന സമ്മേളനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മന്ത്രി മോൻസ് ജോൺസ് മുഖ്യപ്രഭാഷണം നടത്തി, സി ക ഹരിന്ദ്രൻ എം എൽ എ മുഖ്യാതിഥായായിരുന്നു. കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന പത്രപ്രവർത്തകേതര പെൻഷൻ വർദ്ധിപ്പിക്കുമെന്ന മുഖ്യമന്ത്രിയുടെ അസംബ്ലിയിലെ അഭിപ്രായം എൻ ജ പി യു സ്വാഗതം ചെയ്തു. നോൺ ജേർണലിസ്റ്റ് പെൻഷൻ പതിനായിരം രൂപയാക്കണം. ആശ്രിത പെൻഷൻ കാര്യത്തിലെ അപാകം പരിഹരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ഭാരവാഹികളായി ജെയിംസ്കുട്ടിജേക്കബ്, പി സുധാകരൻ-വർക്കിംഗ് പ്രസിഡണ്ട്, പി എ ഗോപി, സി മോഹനൻ, കെ എസ് രാധാകൃഷ്ണൻ, കെ പ്രേമരാജൻ-വൈ. പ്രസിഡണ്ട്, വി ബാലഗോപാലൻ-ജന. സെക്രട്ടറി, ടി കുഞ്ഞിരാമൻ, പി ദിനകരൻ, കെ എൻ ലതാനാഥൻ, ഇ എം രാധ -രക്ഷാ., എം കെ സുരേഷ്, എം കെ കമലൻ, സി ഇ മോഹനൻ, എം അഷ്റഫ് -സെക്ര., ടി യു മാത്യു-ഖജാൻജി, എ സി ശിവകുമാർ, സി വേണുഗോപാൽ, ഒ വി വിജയൻ-മേഖലാ സെക്രട്ടറി, ഇ വി രവീന്ദ്രൻ- വെൽഫെയർ ഫണ്ട് കൺവീ നർ എന്നിവരെ തെരഞ്ഞെടുത്തു.



ജെയിംസ്കുട്ടിജേക്കബ് & വി ബാലഗോപാലൻ

# വെൽഫെയർ പാർട്ടി ജില്ലാ സമ്മേളനം: സ്വാഗതസംഘ ഓഫീസ് ഉദ്ഘാടനം ചെയ്തു



കൊടുങ്ങല്ലൂർ:വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യ തൃശ്ശൂർ ജില്ലാ സമ്മേളനത്തിന്റെ സ്വാഗതസംഘ ഓഫീസ് എറിയാട് സെന്ററിൽ ജില്ലാ പ്രസിഡന്റ് അഡ്വ. കെ.എസ് നിസാർ ഉദ്ഘാടനം ചെയ്തു.

ജില്ലാ ജനറൽ സെക്രട്ടറി ഉമൈറ കെ.എസ്, റക്കീബ് കെ. തറയിൽ, ട്രഷറർ ആരിഫ് പി.ബി, ഭാരവാഹികളായ സുലൈഖ അസീസ്, നവാസ് എടവിലങ്ങ്, ശിവശങ്കരൻ ടി.എസ്, ഫസീല ഹനീഫ്, ഫൈസൽ വലിയാറ, ഹംസ എളനാട് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഒക്ടോബർ 24, 25 തീയതികളിലായാണ് ജില്ലാ സമ്മേളനം നടക്കുക. 24-ന് വൈകീട്ട് കൊടുങ്ങല്ലൂരിൽ സാംസ്കാരിക സമ്മേളനവും, 25-ന് രാവിലെ എറിയാട് വെച്ച് പ്രതിനിധി സമ്മേളനവും നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# ചക്കരപ്പാടം പാലം തകർന്ന നിലയിൽ



കാട്ടൂർ: പെരിഞ്ഞനം പടിയൂർ ഗ്രാമ പഞ്ചായത്തുക്കളെ ബന്ധിപ്പിക്കുന്ന ചക്കരപ്പാടം പാലമാണ് തകർന്ന് വീണത്. 50 വർഷത്തിലെറെ പാലത്തിന്റെ പഴക്കമുള്ള പാലം പുനർ നിർമ്മിക്കണമെന്ന ആവശ്യം ശക്തമായിരുന്നു

പെരിഞ്ഞനം സി.എച്ച്.സി, ആർ.എം.വി.എച്ച്.എസ് പെരിഞ്ഞനം ഈസ്റ്റ് യുപി സ്കൂൾ, ചക്കര പാടം പോസ്റ്റ് ഓഫിസ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ദിവസേന യാത്ര ചെയ്യുന്ന വിദ്യർത്ഥികൾക്കും പടിയൂർ നിവാസികൾക്കും യാത്ര ദുരിതത്തിലായിരിക്കുകയാണ് , പാലം അടിയന്തിരമായി പുനർ നിർമ്മിക്കണമെന്ന് പടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.പി കണ്ണൻ അറിയിച്ചു ഈ വിഷയം 2 നിയോജക മണ്ഡലം ങ്ങളഅ മാരുടെ ശ്രദ്ധയിൽ പെടുത്തുമെന്നും പറഞ്ഞു


